**വനം വകുപ്പാസ്ഥാനത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി**

**വിഷയം:-** **ജീവനക്കാര്യം - വനം വകുപ്പിലെ ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് ഭേദഗതി വരുത്തി പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.**

**സൂചന:-** വനം വകുപ്പാസ്ഥാനത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 07-09-2017 ലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ3-3111/2017 തീയതി: 11-09-2017.**

വനം വകുപ്പിലെ 7 ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി കൊണ്ട് സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ പട്ടിക രണ്ടിലും തുടർന്നുള്ള ഖണ്ഡികയിലും പിശക് വന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയത് പ്രകാരം പട്ടിക രണ്ട്, തുടർന്നുള്ള ഖണ്ഡിക എന്നിവ താഴെ പറയും പ്രകാരം ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

Table-II

| ക്രമ നം. | ഓഫീസിന്റെ പേര് | തസ്തികയുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | അരിപ്പ, സ്റ്റേറ്റ് ഫോറസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ കാര്യാലയം. | 1 | ഒരു സീനിയർ ക്ലാർക്ക് വിരമിച്ചതുമൂലമുണ്ടായ ഒഴിവ്. |
| 2 | സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം, കൊല്ലം. | 1 | ഒരു സീനിയർ ക്ലാർക്കിന് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നൽകിയതുമൂലമുള്ള ഒഴിവ്. |
| 3 | നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം. | 1 | ഒരു സീനിയർ ക്ലാർക്കിന് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നൽകിയതുമൂലമുള്ള ഒഴിവ്. |
| 4 | നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം, കണ്ണൂർ | 1 | ഒരു സീനിയർ ക്ലാർക്കിന് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നൽകിയതുമൂലമുള്ള ഒഴിവ്. |
| 5 | ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം ഇടുക്കി. | 1 | ഒരു സീനിയർ ക്ലാർക്ക് വിരമിച്ചതുമൂലമുണ്ടായ ഒഴിവ്. |
| 6 | മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം | 1 | ഒരു സീനിയർ ക്ലാർക്കിന് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നൽകിയതുമൂലമുള്ള ഒഴിവ്. |
| 7. | ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം തിരുവനന്തപുരം. | 1 | ഒരു സീനിയർ ക്ലാർക്കിന് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നൽകിയതുമൂലമുള്ള ഒഴിവ്. |

മുകളിൽ വ്യക്തമാക്കിയതുപ്രകാരം നിലവിൽ വരുന്ന 7 ക്ലാർക്കുമാരുടെ ഒഴിവുകളും പറമ്പികുളം കടുവാസങ്കേതം ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ ഒരു ക്ലാർക്കിന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച് സ്ഥലംമാറിപ്പോയതിലൂടെയുള്ള ഒഴിവും ചേർത്ത് ആകെ 8 ഒഴിവുകൾ ബന്ധപ്പെട്ട നിയമനാധികാരികൾ യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ടു ചെയ്യേണ്ടതുണ്ട്. എന്നാൽ 2017 കലണ്ടർ വർഷത്തിൽ ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടത്തുന്നതിന് മുൻപിനാലെ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം, തസ്തികമാറ്റം വഴി ക്ലാർക്കായുള്ള നിയമനം എന്നിവയ്ക്കായ് മാറ്റിവെയ്ക്കണമെന്ന് വനം വകുപ്പാസ്ഥാനത്തിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള ഒഴിവുകളും കഴിച്ച് ബാക്കിയുള്ള ഒഴിവുകൾ മാത്രമേ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതുള്ളുവെന്നും ഉത്തരവാകുന്നു.

സൂചനയിലെ ഉത്തരവ് മുകളിൽപ്പറഞ്ഞ ഭേദഗതികളോടുകൂടി നിലനിൽക്കുന്നതാണ്.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.**

**വ്യക്തികൾക്ക് മേലധികാരി മുഖാന്തിരം.**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ്ലൈഫ് വാർഡൻ.
എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മാർക്കും/
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും. /
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്)-ന് ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും.
എല്ലാ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
എല്ലാ വൈൽഡ് ലൈഫ് വാർഡൻമാർക്കും / വർക്കിംഗ് പ്ലാൻ ഓഫീസർമാർക്കും.
എല്ലാ റെയ്ഞ്ച് ഫോറസ്റ്റാഫീസർമാർക്കും.
ഇ3-സെക്ഷൻ/ എച്ച് സെക്ഷൻ/ സ്റ്റോക്ക് ഫയൽ.